# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :399 20.07.2015 ൽ മറുപടിയ്ക്ക്

സീറോ ലാൻഡ് ലസ്സ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>,, മോൻസ് ജോസഫ്<br>,, റ്റി.യു. കുരുവിള<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഇൻഡ്യയ്ക്കാകെ മാതൃകയായി സീറോ ലാൻഡ് ലസ്സ് പദ്ധതി നടപ്പാക്കിയതിലൂടെ ജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി മൂന്ന് സെന്റ് ഭൂമി വീതം പതിച്ച് കൊടുത്തുകൊണ്ട് കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015'. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തന്നെ 14 ജില്ലകളിലുമായി 36491 കുടുംബങ്ങൾക്ക് ഭൂമി അനുവദിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകുന്നതിനും പ്രസ്തുത ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലാകളാക്കി ഉയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന, ഭൂരഹിതരായ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിലൂടെ, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ ഉയർത്തിക്കൊണ്ട് വരുന്നതിന് സാധിക്കുമെന്നുള്ളത് പ്രധാനനേട്ടമായി കാണുന്നു. |

| | | |
|---|---|---|
| (ബി) | ഭൂമി സംബന്ധമായി റവന്യൂ വകുപ്പിൽ നിലനിൽക്കുന്ന പരാതികൾ പരിഹരിക്കുന്നതിനും കൂടുതൽ അർഹതപ്പെട്ടവർക്ക് 'ഭൂരഹിതരില്ലാത്ത കേരളം ' പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | പദ്ധതിയുടെ ഒന്നാം ഘട്ടം കഴിഞ്ഞപ്പോൾ അർഹരായവർക്കെല്ലാം അപേക്ഷ നൽകാൻ കഴിഞ്ഞില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 01.02.2014 മുതൽ 31.03.2014 വരെയുള്ള രണ്ട് മാസക്കാലം അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി അനുവദിച്ചു. ഈ കാലയളവിൽ ലഭ്യമായ അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വെ അദാലത്തുകളിലും, ബഹു.മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിലും (കരുതൽ 2015) ലഭ്യമായ അപേക്ഷകൾ കൂടി പദ്ധതിയിലേക്ക് പരിഗണിക്കുന്നതിനായി 20.06.2015 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി നൽകാനുള്ള നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. |

C.L.V.Kumar
സെക്ഷൻ ഓഫീസർ